(ഇ) ഇതുമൂലം കമ്പനിക്കു നേരിട്ടിട്ടുള്ള സാമ്പത്തിക നഷ്ടം നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഡി.പി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ ഗവണ്മെന്റ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

1) മരുന്നുകൾ വാങ്ങുന്നതിനായി 'പ്രൈസ് ഫറൻസ്' അനുവദിച്ചിട്ടുണ്ട്.

2) ഉല്പാദനം കൂടുന്നതിനായി നിലവിലുള്ള വർക്ക് നോംസ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3) നവീകരണ പദ്ധതിക്കുവേണ്ടി 150 ലക്ഷം രൂപയും പ്രവർത്തന മൂലധനമായി 200 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

4) കമ്പനിയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി യു.എൻ.ഡി.പി. പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും കമ്പനിയുടെ സാമ്പത്തിക പരാധീനതയുമാണ് കാരണം.

(ഇ) അസംസ്കൃതവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തി ഉൽപ്പാദനം വർദ്ധിപ്പിച്ച് നഷ്ടം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

237 (1416) 'കിൻഫ്ര'യുടെ സഹായത്തോടുകൂടിയുള്ള വ്യവസായ യൂണിറ്റുകൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കിൻഫ്ര'യുടെ സഹായത്തോടുകൂടി സംസ്ഥാനത്ത് ഏതൊക്കെ വ്യവസായ യൂണിറ്റുകൾക്ക് അടിസ്ഥാനസൗകര്യങ്ങൾ ചെയ്തു കൊടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇപ്പോൾ കിൻഫ്ര ഏറ്റെടുത്ത് നടപ്പിലാക്കുന്ന വ്യവസായ യൂണിറ്റുകൾ ഏതെല്ലാമാണ്;

(സി) ഇതിൽ ഓരോന്നിന്റെയും മൂലധനം എത്രയാണ് എന്ന് അറിയിക്കുമോ;

(ഡി) 'കിൻഫ്ര' എം.ഡി.ക്ക് ഇപ്പോൾ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ചാർജ്ജ് നൽകിയിട്ടുണ്ട്.

(ഇ) 'കിൻഫ്രയുടെ ശരിയായ നടത്തിപ്പിനുവേണ്ടി എം.ഡിക്ക് ഇപ്പോൾ നൽകിയിട്ടുള്ള അധികചാർജ്ജിൽ നിന്നും ഒഴിവാക്കുമോ;

(എഫ്) 'കിൻഫ്ര'യിൽ ഇപ്പോൾ ഏതെല്ലാം തസ്തികകളുണ്ട്; ഓരോ തസ്തികയിലേക്കുള്ള നിയമനവ്യവസ്ഥകൾ വെളിപ്പെടുത്തുമോ;

(ജി) 'കിൻഫ്ര'യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കിൻഫ്ര രൂപപ്പെടുത്തുന്ന വിവിധ വ്യവസായ പാർക്കുകളിൽ 4 പാർക്കുകളിലാണ് വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാനായി വ്യവസായികളെ ക്ഷണിച്ചിട്ടുള്ളത്. ഇതിൽ എറണാകുളത്തുള്ള എക്സ് പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രീയൽ പാർക്കിൽ കെ.എസ്.ഐ.ഡി.സി. മുഖാന്തിരം കേരള കെമിക്കൽസ് ആന്റ് പ്രോട്ടീൻസ് ലിമിറ്റഡ് (കെ.സി.പി.എൽ.) എന്ന കമ്പനി വ്യവസായം ആരംഭിച്ചിട്ടുണ്ട്. കിൻഫ്രയുടെ തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും ഉള്ള പാർക്കുകളിൽ അടുത്ത ഏതാനും മാസങ്ങളിൽ പുതിയതായി യൂണിറ്റുകൾ തുടങ്ങും എന്നു പ്രതീക്ഷിക്കുന്നു. ഈ പാർക്കുകളിൽ വെള്ളം, റോഡ്, വൈദ്യുതി, ടെലികമ്മ്യൂണിക്കേഷൻ എന്നീ സൗകര്യങ്ങൾ കിൻഫ്ര ചെയ്തു കൊടുക്കുന്നു.

(ബി)&(സി) കിൻഫ്ര നേരിട്ട് വ്യവസായ യൂണിറ്റുകൾ നടത്തുന്നില്ല.

(ഡി)&(ഇ) മറ്റു സ്ഥാപനങ്ങളുടെ ചാർജ്ജ് നൽകിയിട്ടില്ല.

(എഫ്) കിൻഫ്രയുടെ ഹെഡ് ആഫീസിലെ തസ്തികകൾ

മാനേജർ (ഫിനാൻസ്)

മാനേജർ (പ്രോജക്ട്സ് എൻ.എ)

മാനേജർ (ടെക്നിക്കൽ സർവീസസ്)

മാനേജർ (പബ്ലിക് റിലേഷൻസ്)

ഡെപ്യൂട്ടി മാനേജർ (അഡ്മിനിസ്ട്രേഷൻ)

ഡെപ്യൂട്ടി മാനേജർ (എം.ഐ.എസ്)

അസി.മാനേജർ (അക്കൗണ്ട്സ്)

അസി.മാനേജർ (കോർഡിനേഷൻ)

അസി. മാനേജർ പ്രോജക്ട്സ് ആന്റ് എൻ.എ)

അസി. മാനേജർ (ടെക്നിക്കൽ സർവീസസ്)

അക്കൗണ്ട്സ് ഓഫീസർ

വിവിധ പ്രോജക്ടുകളിൽ

മാനേജർ (ടെക്നിക്കൽ)

ഡെപ്യൂട്ടി മാനേജർ (ഫിനാൻസ്)

അസിസ്റ്റന്റ് മാനേജർ (സിവിൽ)

ജൂനിയർ മാനേജർ (ഇലക്ട്രിക്കൽ)

ജൂനിയർ മാനേജർ (പി.എ.)

വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് ഡെപ്യൂട്ടേഷനിൽ ജോലിചെയിതിരുന്ന 8 പേരെ ഗവ: ഉത്തരവ് പ്രകാരം കിൻഫ്രായിൽ സ്ഥിരപ്പെടുത്തുകയുണ്ടായി. കൂടാതെ 'കിറ്റ്കോ' വഴി സെലക്ട് ചെയ്ത മൂന്നുപേരെ കിൻഫ്ര ബോർഡ് തീരുമാനപ്രകാരം സ്ഥിരപ്പെടുത്തുക യുണ്ടായി. മറ്റു തസ്തികകളിൽ 3 വർഷത്തേയ്ക്ക് കോൺട്രാക്ട് വ്യവസ്ഥയിലോ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ ആണ് നിയമനം. മേൽപ്പറഞ്ഞ തസ്തികകളിൽ നിയമനം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുമ്പോൾ പ്ലാനിംഗ് ആന്റ് ഇക്കണോമിക്സ് അഫയേഴ്സ് (സി.പി.ഇ) ഡിപ്പാർട്ടുമെന്റിന്റെ 25.2.92-ലെ ഓർഡർ നം.14896/സിപി.ഇ2/91/പ്ലാനിംഗ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ട്.

(ജി) കിൻഫ്രയുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു.

238 (1417) സൈനിക സ്കൂൾ വളപ്പിൽ കിൻഫ്രയ്ക്ക് വ്യവസായ യൂണിറ്റ്

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരുവന്തപുരത്തു കഴക്കൂട്ടം സൈനിക സ്കൂൾ വളപ്പിൽനിന്ന് കിൻഫ്രയ്ക്ക് വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിന് ഭൂമി ഏറ്റെടുക്കാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോയെന്നും, പ്രസ്തുത ആവശ്യത്തിനുവേണ്ടി എന്തു തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് കിൻഫ്ര എന്തൊക്കെ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളതെന്നും, എന്തൊക്കെ ഉല്പന്നങ്ങളാണ് ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ;

(സി) പദ്ധതിയുടെ പ്രവർത്തനപുരോഗതിയെന്താണെന്നും, എത്ര പേർക്ക് ഈ സംരംഭംമൂലം തൊഴിൽ നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. 75 ഏക്കർ ഭൂമി കിൻഫ്ര മുഖാന്തിരം ഏറ്റെടുക്കുന്നതിന് മൂന്നു കോടി രൂപ സൈനികസ്കൂളിന് നൽകിയിട്ടുണ്ട്.

(ബി) ഇവിടെ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഒരു ഫിലിം വീഡിയോ പാർക്ക് സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട വിവിധ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ വ്യവസായ സംരംഭകരെ ക്ഷണിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ജനുവരി-ഫെബ്രുവരി 2000-ത്തോടെ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്. ഇവിടെ വരുന്ന വ്യവസായങ്ങളിലൂടെ 1000 പേർക്ക് നേരിട്ടും 5000 പേർക്ക് നേരിട്ടല്ലാതെയും തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

239 (1418) കശുവണ്ടി വികസന കോർപ്പറേഷന്റെ ലാഭനഷ്ട കണക്കുകൾ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ 1993-94 മുതൽ 1998-99 വരെയുള്ള ലാഭനഷ്ടങ്ങളുടെ കണക്ക് വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly